*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/2/DGE_HSE/2021** **13/10/2021**

# സർക്കുലർ

**വിഷയം: സ്പോർട്ട്സ് ക്വാട്ട സപ്ലിമെൻററി അലോട്ട്മെൻറ് : നിർദ്ദേശങ്ങൾ**

**സൂചന : 1) സ.ഉ(സാധാ)നം.3667/2021/പൊ.വി.വ തീയതി 12/8/2021 അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്രോസ്പക്ടസ്**
**2) ഇതേ നമ്പറിൽ 2021 ആഗസ്റ്റ് 31, 2021 സെപ്റ്റംബർ 2 തീയതികളിലെ സർക്കുലറുകൾ**

മുഖ്യഘട്ടത്തിൽ രണ്ട് അലോട്ട്മെൻറുകളും സപ്ലിമെൻററിഘട്ടത്തിൽ ഒരു അലോട്ട്മെൻറും ഉൾപ്പെട്ടതാണ് സ്പോർട്സ് ക്വാട്ട പ്രവേശനം. മുഖ്യഘട്ടത്തിലെ രണ്ട് അലോട്ട്മെൻറുകൾ 2021 ഒക്ടോബർ 12 ന് പൂർത്തീകരിക്കുകയുണ്ടായി. മുഖ്യഘട്ടത്തിൽ പരിഗണിക്കുന്നതിനായി സ്പോർട്സ് മികവ് രജിസ്ട്രേഷനും (SPORTS ACHIEVEMENT REGISTRATION) ജില്ലാ സ്പോർട്സ് അധികൃതരുടെ വെരിഫിക്കേഷനും 2021 ആഗസ്റ്റ് 24 മുതൽ 2021 സെപ്റ്റംബർ 15 വരെയും സ്കൂൾ / കോഴ്സുകൾ ഓപ്ഷനായി സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം(APPLY ONLINE-SPORTS) 2021 ആഗസ്റ്റ് 31 മുതൽ 2021 സെപ്റ്റംബർ 31 വരെയും അനുവദിച്ചിരുന്നു.

മുഖ്യഘട്ടത്തിൽ സ്പോർട്സ് മികവ് രജിസ്ടേഷൻ നടത്തി ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും സ്കോർ കാർഡ് നേടാൻ കഴിയാത്തവർക്ക് 2021 ഒക്ടോബർ 16 മുതൽ 21 ന് വൈകിട്ട് 4 മണിവരെ അതത് ജില്ലാ സ്പോർട്സ് കൗൺസിലുകളുമായി ബന്ധപ്പെട്ട് നേടാവുന്നതാണ്.

മുഖ്യഘട്ടത്തിൽ സ്കോർ കാർഡ് നേടിയ ശേഷം സ്പോർട്സ് ക്വാട്ട പ്രവേശനത്തിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കാത്തവർക്കും , പുതിയതായി സ്കോർ കാർഡ് നേടുന്നവർക്കും സപ്ലിമെൻററി ഘട്ടത്തിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. മുഖ്യഘട്ടത്തിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്ക് വേക്കൻസിക്ക് അനുസൃതമായി പുതിയ ഓപ്ഷനുകൾ ഉൾപ്പെടുത്തി അപേക്ഷ പുതുക്കുവാനുള്ള സൗകര്യം ക്യാൻഡിഡേറ്റ് ലോഗിനിലെ Renewal Application എന്ന ലിങ്കിലൂടെ ലഭ്യമാകുന്നതാണ്. പുതിയതായി അപേക്ഷ സമർപ്പിക്കേണ്ടവർ **Create Candidate Login-Sports** എന്ന ലിങ്കിലൂടെ **Candidate Login-Sports** രൂപീകരിക്കേണ്ടതാണ്. പ്രവേശനവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ കാൻഡിഡേറ്റ് ലോഗിനിലൂടെയാണ് നിർവഹിക്കേണ്ടത്. 2021 ഒക്ടോബർ 18 മുതൽ ഒക്ടോബർ 21 ന് വൈകിട്ട് 5 മണി വരെ ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സപ്ലിമെൻററി

അലോട്ട്മെൻറിനായുള്ള വേക്കൻസി അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in –ൽ 2021 ഒക്ടോബർ 16 ന് പ്രസിദ്ധീകരിക്കുന്നതാണ്.

## സ്പോർട്ട്സ് ക്വാട്ട സപ്ലിമെൻററി പ്രവേശന ഷെഡ്യൂൾ

| | | |
|---|---|---|
| സ്പോർട്സ് മികവ് രജിസ്ട്രേഷനും വെരിഫിക്കേഷനും | : | 16/10/2021 മുതൽ 21/10/2020(വൈകിട്ട് 4 വരെ) |
| ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : | **18/10/2021** |
| അപേക്ഷ സമർപ്പിക്കേണ്ട അവസ്സാന തീയതി | : | **21/10/2021** |
| സ്പോർട്ട്സ് ക്വാട്ടസപ്ലിമെൻററിഅലോട്ട്മെൻറ് തീയതി | : | **22/10/2021** |
| **സ്പോർട്ട്സ് ക്വാട്ടഅവസ്സാനപ്രവേശന തീയതി** | : | **25/10/2021** |

പൊതുവിദ്യാഭ്യാസ ഡയറക്ടർ